# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *209 - 14/07/2016 - ലെ മറുപടിക്ക്**

## സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

**ചോദ്യം** **ഉത്തരം**


**ശ്രീ.രാജു എബ്രഹാം**
**ശ്രീ.സി.കെ.ഹരീന്ദ്രൻ**
**ശ്രീ.കെ.ജെ.മാക്സി**
**ശ്രീ.പി.കെ.ശശി**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**


| | **ചോദ്യം** | **ഉത്തരം** |
|---|---|---|
| (എ) | പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ചതിനോടൊപ്പം കേന്ദ്ര-സംസ്ഥാന വിഹിത അനുപാതം വ്യത്യാസപ്പെടുത്തിയതും നിർത്തലാക്കിയതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2015-16 ലെ കേന്ദ്ര ബജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ Funding Pattern -ൽ മാറ്റം വരുത്തുകയും ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | നിർത്തലാക്കിയ പദ്ധതികൾക്ക് പകരം പദ്ധതികൾ സംസ്ഥാനം ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇതിനായി എത്ര തുക അധികം വേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ; | കേന്ദ്ര സർക്കാർ നിർത്തലാക്കിയതും 2016-17ലെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. കേന്ദ്ര സർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് ആവശ്യമുള്ള പക്ഷം 50:50 കേന്ദ്ര-സംസ്ഥാന വിഹിതാനുപാതത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | പതിനാലാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി നികത്താനായി വാഗ്ദാനം ചെയ്ത 9518 കോടി രൂപയിൽ എത്ര തുക ലഭിച്ചുവെന്നും അതിനുള്ള ഉപാധികൾ എന്തൊക്കെയാണെന്നും ഇത് സംസ്ഥാനത്തെ സമ്പദ് | 2015-16, 2016-17, 2017-18 എന്നീ സാമ്പത്തികവർഷങ്ങളിലായി 14-ാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി ഗ്രാന്റായി 9519 കോടി രൂപയാണ് ശുപാർശ ചെയ്തിട്ടുള്ളത്. ആയതിൽ |

| | | |
|---|---|---|
| | രംഗത്തെ ഏതു തരത്തിൽ ബാധിക്കുമെന്നും വ്യക്തമാക്കാമോ? | 2015-16 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിലായി 4640 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാന ങ്ങൾ കൈക്കൊള്ളുന്ന സാമ്പത്തിക ദൃഢീകരണപ്രക്രിയകളുടെയും, വരുമാന വർദ്ധനവിന് ഉതകുന്ന നടപടികളുടെയും അടിസ്ഥാനത്തിലായിരിക്കും റവന്യൂ കമ്മി ഗ്രാന്റ് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് ഭാവിയിൽ നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് ധനകാര്യ കമ്മീഷൻ ശുപാർശയ്ക്കു മേൽ സ്വീകരിച്ച നടപടിയിൽ (Action Taken Report) കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈക്കാര്യ ത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊണ്ടതായി കേന്ദ്ര സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല. |

*അക്കൗണ്ട്സ് ഓഫീസർ*

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്